നഗരൂർ ഒറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം

185 (8245) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നഗരൂർ ഗ്രാമപഞ്ചായത്തിലെ 'ഇടവനക്കോണം' ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ 'ഞായലിൽ' എന്നീ പട്ടികജാതി കോളനികളെ 'സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം' പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് പ്രകാരം ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നഗരൂർ ഗ്രാമപഞ്ചായത്തിലെ ഇടവനക്കോണം കോളനിയിൽ റോഡിന്റെ മെറ്റലിംഗും കുടിവെള്ള പദ്ധതിക്കായി പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പണികളും പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ മൂന്ന് മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഞായലിൽ കോളനിയിൽ 11 വീടുകളുടെ പുനരുദ്ധാരണം, റോഡ് കോൺക്രീറ്റ്, പൈപ്പ് ലൈൻ സ്ഥാപിക്കൽ, സാംസ്കാരിക നിലയത്തിന്റെ ഗ്രൗണ്ട്ഫ്ലോർ എന്നിവ പൂർത്തിയായിട്ടുണ്ട്. സാംസ്കാരിക നിലയത്തിന്റെ ഒന്നാംനിലയുടെയും റോഡിന്റെ സൈഡ് വാളിന്റെയും പണികൾ പുരോഗമിക്കുന്നു. ഇവ ഒരു മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇടവനക്കോണം കോളനി:

റോഡ്, സൈസ് വാൾ നിർമ്മാണം	16,03,122.25	രൂപ
ജലവിതരണ പദ്ധതി	2,53,291.25	"
ആകെ	18,56,413.50	

LIBRARY ARCHIVES Kerala Legislative Assembly

ഞായലിൽ കോളനി:

കോൺക്രീറ്റ് റോഡ് നിർമ്മാണം	1683696.54 രൂപ
റീവാമ്പിംഗ് വാൾ നിർമ്മാണം	867859.85 ,,
റോഡ് കലുങ്ക് നിർമ്മാണം	233121.30 ,,
കുടിവെള്ള വിതരണം	37800.00 ,,
പുതിയ ലൈബ്രറി മന്ദിര നിർമ്മാണം	346542.98 ,,
ഓടയുടെ സൈഡ് വാൾ നിർമ്മാണം	289982.99 ,,
ആകെ	3459003.66

കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

186 (8246) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ നിലവിലുണ്ടെന്നും എത്ര കുടുംബങ്ങളാണ് പ്രസ്തുത കോളനികളിലുള്ളതെന്നും വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ ;

(ബി) കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്നുള്ള വിശദാംശം നൽകുമോ ?

ഉത്തരം

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ 130 പട്ടികജാതി കോളനികളാണ് നിലവിലുള്ളത്. 2041 കുടുംബങ്ങൾ ഈ കോളനികളിൽ താമസിച്ചുവരുന്നു.

(ബി) എല്ലാ കോളനികളിലും വൈദ്യുതിയും കുടിവെള്ള സംവിധാനവും ലഭിച്ചിട്ടുണ്ട്. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്ന ഈ പ്രദേശത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി വകുപ്പിന്റെ കോർപ്പസ് ഫണ്ടും തിരുമല പഞ്ചായത്തുകളുടെ എസ്.സി.പി. ഫണ്ടും ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly